ശ്രീ. കെ. എം. ജോർജ്ജ് : ആ ബിൽ നിയമമാകുന്നതോടെ പല കൊല്ലത്തെ കരം പിരിക്കേണ്ടതായി വന്നാൽ പലതരത്തിലുള്ള കഴപ്പും വരാൻ ഇടയുണ്ട്. അതുകൊണ്ട് ഏറ്റവും വേഗം നിയമം ഉണ്ടാക്കുകയോ, ബഹുമാനപ്പെട്ട മന്ത്രി ഡൽഹിയിൽ പോയി ആവശ്യമായ സത്വരനടപടി സ്വീകരിക്കുകയോ ചെയ്യുമോ ?

ശ്രീ. ടി. എ. തൊമ്മൻ : അതിന് ആവശ്യമെന്നു തോന്നുന്ന നടപടി കൈക്കൊള്ളാം.

കാട്ടാനകൾ.

* 549. [14] ശ്രീ എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം നമ്മുടെ വനങ്ങളിൽ നിന്നും എത്ര കാട്ടാനകളെ പിടിച്ചിട്ടുണ്ട് ;

(ബി) അതിന് എത്ര രൂപ ചെലവായി ;

(സി) ആനകളെ വിറ്റ ഇനത്തിൽ എത്ര രൂപ കിട്ടി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1963–ൽ നമ്മുടെ വനങ്ങളിൽ നിന്ന് 29 കാട്ടാനകളെ പിടിച്ചിട്ടുണ്ട്.

(ബി) ഇവയെ പിടിച്ചതിനും, തിറ്റിക്കലിക്കും, ആനക്കാർക്കും കൂടി ആകെ 47,690 രൂപ 70 നയാപൈസ ചെലവായി.

(സി) ആകെ പിടിച്ച 29 ആനകളിൽ, 19 എണ്ണത്തെ വിറ്റവകയിൽ ഡിപ്പാർട്ടുമെന്റിന് 99,800 രൂപാ കിട്ടിയിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി : വനാന്തർഭാഗങ്ങളിൽ അധികവും ജനങ്ങൾ കൈയേറി വനം തീവച്ചു നശിപ്പിക്കുന്നതുകൊണ്ടും, വനാന്തർഭാഗത്തു വെടിവയ്പുകൾ നടത്തുന്നതുകൊണ്ടും കാട്ടാനകളുടെ സൈരവിഹാരത്തിനു നിവൃത്തിയില്ലാതെ, അവ അയൽ സംസ്ഥാനമായ മൈസൂരിലെ വനങ്ങളിൽ അഭയാർത്ഥികളായി കൂട്ടംകൂട്ടമായി പോകുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ പ്രത്യേകം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : നമ്മുടെ വനങ്ങളിൽനിന്ന് സ്വകാര്യ വ്യക്തികൾ ആനയെ പിടിക്കുന്നതു നിയമവിരുദ്ധമായി കോടതി പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. ആകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയൊരു വിധി ഉണ്ടായിട്ടുണ്ട്. അതിന്മേൽ വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. പാറയിൽ ഷംസുദ്ദീൻ : ആനയെ ശാസ്ത്രീയമായ രീതിയിൽ പിടിക്കുന്നതിന് വിദേശരാജ്യങ്ങളിൽ ചില പ്രത്യേക പരിപാടികളുണ്ട്. ഈ ഗവണ്മെന്റ് അതു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വിദേശരാജ്യങ്ങളിലെ പരിപാടി എന്താണെന്നറിഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്ട് : 19 ആനകളെ വിറ്റവകയിൽ, 99,800 രൂപ കിട്ടിയതായി പറഞ്ഞു. ഒരാനയ്ക്ക് 5,000 രൂപയേ വിലവരുന്നുള്ളൂ. അതിന്റെ കാരണമെന്താണ് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കുട്ടിയാനകൾ ആയതുകൊണ്ടായിരിക്കും.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : കാട്ടാനകളുടെ കൂട്ടത്തിൽ, സ്റ്റോറിൽ എത്ര വെള്ളാനകൾ ഉണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ ?

മിസ്റ്റർ സ്പീക്കർ : അതിന് ഉത്തരം പറയണമെന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ചുരുളി, കീരിത്തോട്ട വനങ്ങളിൽനിന്നു കുടികിടപ്പുകാരെ ഇറക്കിവിട്ടിട്ട് ഈ കാട്ടാനകൾക്കു തടവിടെ താമസിക്കാൻ സ്ഥലം ഉണ്ടാക്കുകയാണോ ?

മിസ്റ്റർ സ്പീക്കർ : ഇതിന് ഉത്തരം പറയണമെന്നില്ല.

ആലുവാ പുഴയിൽ ഉപ്പുവെള്ളം കയറുന്നതു തടയുന്നതിന് ബണ്ട്

*550. [15] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവാ പുഴയിൽ ഉപ്പുവെള്ളം കയറുന്നതു തടയുവാൻ ബണ്ടു കെട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ബണ്ടുകെട്ടുന്നതിനുള്ള സ്ഥലനിർണ്ണയം ചെയ്യുന്നതിനുമുമ്പ് ഇളന്തിക്കര പടിഞ്ഞാറുവശത്തു ബണ്ടുനിർമ്മിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെപ്പറ്റിക്കൂടി ആലോചിക്കുമോ ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) തീരുമാനം ഒന്നുമായിട്ടില്ല.

(ബി) ആലുവാപ്പുഴയിൽ ഉപ്പുവെള്ളം കയറുന്നതിനെ തടയാൻ എന്തു വേണമെന്നുള്ളതിനെസംബന്ധിച്ച് ഒരു മാനുൽ സ്റ്റഡീ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. എവിടെയൊക്കെ, എന്തെല്ലാം ചെയ്യണമെന്നുള്ളതു ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ. ആ കൂട്ടത്തിൽ ഇളന്തിക്കര പടിഞ്ഞാറുവശത്തു ബണ്ടു നിർമ്മിക്കുന്നതുകൊണ്ടുള്ള ഗുണം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. സി. ഏബ്രഹാം : ആലുവാപ്പുഴയിലെ വെള്ളം ഉപയോഗിച്ചാൽ രണ്ടുമൂന്നു താലൂക്കുകളിലെ കൃഷിക്കും, പത്തുലക്ഷം ജനങ്ങൾക്കു കുടിക്കുന്നതിനും, പല വ്യവസായസ്ഥാപനങ്ങൾ നടത്തുന്നതിനും സാധിക്കുമെന്നുള്ളതുകൊണ്ട്, കൊല്ലംതോറും വെള്ളത്തിന്റെ മുഡ്ഡിമുട്ട നേരിട്ടുകൊണ്ടിരിക്കുന്നതിനു പരിഹാരമായി ഒരു ആംട്ടർനേറ്റീവു സോഴ്സുണ്ടോ എന്നു ഗവണ്മെന്റു പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : ഇടുക്കി പദ്ധതി പൂർത്തിയായാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. വേറെ ആംട്ടർനേറ്റീവു സോഴ്സിനെപ്പറ്റി ചിന്തിക്കാൻ നിവർത്തിയില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : എഫ്. എ. സി. ടി. യിലെ കഴിഞ്ഞ കൊല്ലത്തെ ഭരണറിപ്പോർട്ടിൽനിന്ന്, ആലുവാപ്പുഴയിൽ ഉപ്പുവെള്ളം കയറുന്നതുകൊണ്ട് ഒരു പ്ലാന്റു പ്രവർത്തനക്ഷമമല്ലെന്നും, തന്നിമിത്തം വലിയ നഷ്ടം നേരിടുന്നുണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ ഉപ്പുവെള്ളം തടയുന്നതിന് ബണ്ടുകെട്ടുന്നതിനു സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly